*Celebrating Extraordinary Missionary Month October 2019…*

**Friday, 18 October 2019**

Lk 10:1-9

Fr. Raphy Kadavi CMI

ഒരു കഥ കേട്ടിട്ടുണ്ട്. ഒരിക്കൽ ബ്രദർ ലിയോയും ബ്രദർ ഫ്രാൻസിസും സുവിശേഷം പ്രസംഗിക്കാൻ പുറപ്പെട്ടുവത്രേ. കുറേ ചുറ്റിയടിച്ചു അവർ തിരികെ തങ്ങളുടെ വസതിയിലെത്തി. അപ്പോൾ സന്തോഷവാനും സന്തുഷ്ടനുമായി കാണപ്പെട്ട ഫ്രാൻസിസിനോട് ലിയോ ചോദിച്ചു: "സുവിശേഷം പ്രഘോഷിക്കാൻ പോയിട്ട് നാം ഒന്നും പ്രഘോഷിച്ചില്ലല്ലോ?" മന്ദഹാസത്തോടെ ഫ്രാൻസിസ് ഉത്തരം പറഞ്ഞു: "നാം എപ്പോഴും സുവിശേഷം പ്രഘോഷിക്കണം; പക്ഷെ വാക്കുകൾ അത്യാവശ്യമാണെങ്കിൽ മാത്രം ഉപയോഗിക്കുക." "സുവിശേഷപ്രഘോഷണം പ്രഥമമായി ക്രിസ്തുവിനെ പിഞ്ചെല്ലുന്ന ജീവിതമാണ്, ക്രിസ്തീയ സ്നേഹത്തിലടിയുറച്ച ജീവിതമാണത്" ഇന്ന് വി. ലൂക്ക സുവിശേഷകന്റെ തിരുന്നാൾ നാം ആഘോഷിക്കുമ്പോൾ ക്രിസ്തു എഴുപത്തിരണ്ടു പേരെ അയക്കുന്ന ഭാഗമാണ് നാം ധ്യാനിക്കുന്നത്.

ക്രിസ്തുവിന്റെ കാലത്തു സ്നാപകയോഹന്നാന്റെ ശിഷ്യരും ഫരിസേയരും ജനത്തിനിടയിൽ ചുറ്റിനടന്ന് യഹോവ്വയിലേക്കും അടിമത്തത്തിനിടയിലും ഒരു ജനമായി ഒരുമയോടെ നിൽക്കുന്നതിലേക്കും നയിക്കാൻ പരിശ്രമിച്ചിരുന്നു. എന്നാൽ യേശു നൽകുന്ന ദൗത്യം വ്യത്യസ്തമാണ്.

പ്രഘോഷിക്കാനുള്ള സന്ദേശത്തിലുപരി ക്രിസ്തുവിന്റെ നിഷ്കർഷ അയക്കപ്പെടുന്നവരുടെ ജീവിതത്തിലേക്കാണ്.

1. താൻ പോകാനിരുന്ന പട്ടണങ്ങളിലേക്കും നാട്ടിൻപുറങ്ങളിലേക്കും തനിക്കു മുമ്പേ അയച്ചു: അവിടുന്ന് അവിടേക്ക് വരുവാൻ തീരുമാനിച്ചു കഴിഞ്ഞു. നമ്മുടെ ജീവിതം വഴിയാണ് ഇന്ന് ക്രിസ്തു ഈ ലോകത്തിൽ അവതരിക്കുന്നത്. ഓർക്കാം കുഞ്ഞിലെ ചൊല്ലിയിട്ടുള്ള പ്രാർത്ഥന "ഇന്ന് ക്രിസ്തുവിനു കൈകളില്ല നിന്റേതല്ലാതെ"

2. അവരെ ഈരണ്ടുപേരായി അയച്ചു: ക്രിസ്തുശിഷ്യൻ ഏകനല്ല, ഒറ്റയല്ല, മറിച്ച് അവൻ ഒരു സമൂഹത്തിന്റെ ഭാഗമാണ്. സഭയോട് ചേർന്നല്ലാതെ ജീവിതവും സുവിശേഷപ്രഘോഷണവും ദൈവത്തിന്റെ അവതാരമല്ല.

3. വേലക്കാരെ അയക്കാൻ പ്രാർത്ഥിക്കുക: പ്രാർത്ഥനയുടെ ശക്തിയിൽ ജ്വലിച്ചവരായി സുവിശേഷപ്രഘോഷണത്തിനിറങ്ങുക. സുവിശേഷപ്രഘോഷണം ഒരു കൂട്ടുത്തരവാദിത്വമാണ്. പ്രാർത്ഥനയിൽ പരസ്പരം ബലമേകാം.

4. ക്രിസ്തുവിലും ജനത്തിലും ആശ്രയം: ക്രിസ്തുവിലും അയക്കപ്പെടുന്ന ജനത്തിലും ഉള്ള വിശ്വാസത്തിൽ വേണം പോകാൻ. ചെന്നായ്ക്കളുടെയിടയിൽ കുഞ്ഞാടുകളെ പോലെയാണ് അയക്കുന്നതെങ്കിലും അയച്ചവനെ വിശ്വസിക്കുക. മടിശീലയോ

സഞ്ചിയോ ചെരിപ്പോ വേണ്ട; അയക്കപ്പെടുന്ന ജനത്തിൽ വിശ്വസിക്കുക; മറിച്ചു ക്രിസ്തുവിന്റെ സമാധാനം മാത്രം കയ്യിലും മനസ്സിലും കരുതുക. അത് പങ്കുവക്കുക. അതിനാൽതന്നെ തങ്ങളുടെ ദൗത്യം അല്ലാത്തതോ അതിൽ നിന്നും വ്യതിചലിപ്പിക്കുന്നതോ ആയവയിൽ നിന്നും മാറിനിൽക്കുകയും വേണം.

5. ഭക്ഷിക്കുകയും പാനം ചെയ്യുകയും: ഫരിസേയർ തങ്ങളുടെ സന്ദേശവുമായി പോകുമ്പോഴും അശുദ്ധരാകും എന്ന ചിന്തയിൽ മറ്റുള്ളവരോടൊപ്പം ഭക്ഷിക്കാറില്ല. അങ്ങനെ സമൂഹത്തിന്റെ ഒരുമക്കായുള്ള അവരുടെ സന്ദേശവും ജീവിതവും പരസ്പരം ബന്ധമില്ലാത്തതായി മാറി. എന്നാൽ എല്ലാവർക്കും ലഭ്യനായി എല്ലാവരെയും സ്വീകരിക്കുന്ന ക്രിസ്തുശിഷ്യൻ എല്ലാവരെയും ഉൾക്കൊള്ളുന്നവനാകണം. പങ്കുവച്ചും ഒന്നിച്ചു ജീവിച്ചും ദൗത്യം പൂർത്തിയാക്കുവിൻ. അതിനാൽ തന്നെ ചുറ്റി നടക്കാതെ ഒരു വീട്ടിൽ തന്നെ വസിക്കണം. അവരോടു കൂടെ വസിച്ചു ജോലി ചെയ്ത് ജീവിക്കണം.

6. രോഗികളെ സൗഖ്യപ്പെടുത്തുവിൻ: അവിടെ പുറത്താക്കപ്പെട്ടവരേയും അശരണരെയും മറക്കരുത്. അവരെ സ്വീകരിക്കുക; സൗഖ്യപ്പെടുത്തുക.

7. ദൈവരാജ്യം സമീപിച്ചിരിക്കുന്നു എന്ന് പറയുക: ഇതിനു ശേഷമാണ് പറയേണ്ടത് "ദൈവരാജ്യം സമീപിച്ചിരിക്കുന്നു"

ദൈവരാജ്യപ്രഘോഷണത്തിന്റെ ആരംഭം ഒരു പിതാവിന്റെ മക്കളെപോലെ സ്നേഹത്തിലുള്ള ജീവിതത്തിലാണ്. മിഷൻ മാസമായി നാം ആഘോഷിക്കുമ്പോഴും ധ്യാനിക്കുമ്പോഴും തങ്ങൾ അയക്കപ്പെടുന്ന ഇടങ്ങളിൽ സ്വജീവിതത്തിലൂടെ ക്രിസ്തുവിനെ പ്രഘോഷിക്കുവാൻ നമുക്ക് പരസ്പരം പ്രാർത്ഥിക്കാം.

*Published by*
CMI General Department of Evangelization and Pastoral Ministry